## കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 16 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 3

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# മകരവിളക്ക് ദർശനം: കെ എസ് ആർ ടി സിക്ക് പമ്പയിൽ ലഭിച്ചത് 31 ലക്ഷം

മകരവിളക്ക് ദർശനത്തിന് ശേഷം സന്നിധാനത്തു നിന്ന് പമ്പയിലെത്തിയ തീർത്ഥാടകർക്ക് യാത്രാ ക്രമീകരണമൊരുക്കിയതിലൂടെ കെ എസ് ആർ ടി സിക്ക് ലഭിച്ചത് 31 ലക്ഷം രൂപ. മകരവിളക്ക് ദർശനശേഷമുള്ള ഭക്തരുടെ മടക്കത്തിലൂടെ ശനിയാഴ്ച്ച അർധരാത്രി മുതൽ ഞായറാഴ്ച്ച അർധരാത്രി വരെയുള്ള കണക്കാണിത്. കുറ്റമറ്റരീതിയിലായിരുന്നു കെ എസ് ആർ ടി തീർത്ഥാടകരുടെ മടക്കയാത്രക്കായുള്ള ബസ് സർവ്വീസുകൾ പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ നിന്നും ഓടിച്ചത്.

തടസ്സങ്ങൾ ഒന്നുമില്ലാതെ നേരം പുലരുന്നതിനു മുൻപ് പരമാവധി തീർഥാടകരെ പമ്പയിൽ നിന്നു മടക്കി അയക്കാൻ കെ എസ് ആർ ടി സിക്ക്

കഴിഞ്ഞു.  മകരവിളക്ക് ദർശനത്തിനുശേഷവും തൊട്ടടുത്ത ദിവസവുമായി 996 ദീർഘദൂര സർവ്വീസുകൾ പമ്പയിൽ നിന്ന് നടന്നു. മറ്റ് ഡിപ്പോകളിൽ നിന്ന് നടന്ന കെ എസ് ആർ ടി സിയുടെ സർവ്വീസുകളും അധിക വരുമാനം നേടി കൊടുത്തു. സർവ്വീസുകൾ ക്രമീകരിച്ചതിനൊപ്പം ഏറ്റവും തിരക്കേറിയ ശനിയാഴ്ച്ച രാത്രിയിൽ നിരത്തിൽ തടസ്സങ്ങളില്ലാതെ സർവ്വീസ് നടത്തുന്നതിനും ഇത്തവണ കെ എസ് ആർ ടി സി ശ്രദ്ധ പുലർത്തി.

തങ്ങളുടെ ജീവനക്കാർ ഗതാഗത കുരുക്കു   ാക്കിയാൽ അത് നിരീക്ഷിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് സംവിധാനമൊരുക്കി. യന്ത്ര തകരാർ മൂലം ബസുകൾ നിരത്തിൽ കിടക്കുന്നതൊഴിവാക്കാൻ ഇരുചക്രവാഹനത്തിൽ മെക്കാനിക്കിന്റെ സേവനം നിരത്തിൽ സാധ്യമാക്കിയിരുന്നു.

(പി.ആർ. ശബരി- 301)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.